പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4915 05.02.2014 - ൽ മറുപടിക്ക്

## വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. സാജു പോൾ | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൃദ്ധജന സമൂഹത്തിന്റെ സാമൂഹ്യ - സാമ്പത്തിക-ആരോഗ്യ പരിപാലന കാര്യങ്ങളിൽ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) | വൃദ്ധജന സമൂഹത്തിന്റെ സാമൂഹ്യ - സാമ്പത്തിക - ആരോഗ്യ പരിപാലന കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013 അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മുതിർന്ന പൗരന്മാരുടെ സാമൂഹ്യ - സാമ്പത്തിക - ആരോഗ്യ പരിപാലനത്തിന് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത നയത്തിൽ നിർദ്ദേശിച്ച പ്രകാരം വയോജനങ്ങൾക്കായുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി സാമൂഹ്യ നീതി അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പദ്ധതി ആസൂത്രണം സംബന്ധിച്ച നടപടികൾ (ടാസ്ക് ഫോഴ്സ് രൂപീകരണം ഉൾപ്പെടെ) സ്വീകരിച്ചു വരുന്നു. |
| (ബി) | വാർദ്ധക്യകാല പെൻഷൻ കാലികമായി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ; | (ബി) | 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങൾക്ക് അനുസൃതമായി ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 400/- രൂപയിൽ നിന്ന് 500/- രൂപയായും 80 വയസ്സ് കഴിഞ്ഞവർക്ക് ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 900/- രൂപയിൽ നിന്ന് 1100/- |

| | | | |
|---|---|---|---|
| | | | രൂപയായും ഉയർത്തിയിട്ടുണ്ട്. 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പെൻഷൻ തുകകൾ വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്; | (സി) | വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ഉറപ്പാക്കുക, ഇന്ത്യാ ഗവൺമെന്റിന്റെ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ നിന്ന് പെൻഷൻ അർഹരായിട്ടുള്ളവർക്ക് കാല താമസം കൂടാതെ പെൻഷൻ ലഭ്യമാക്കുക, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007, വയോമിത്രം പദ്ധതി എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുക എന്നിവയാണ് പ്രധാനമായിട്ടുള്ളത്. 2013 - ലെ മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയത്തിൽ വിഭാവനം ചെയ്യുന്ന പുതിയ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ഡി) | ജനസംഖ്യയുടെ എത്ര ശതമാനം വൃദ്ധജനങ്ങൾ സംസ്ഥാനത്തുണ്ട്; ഇവരിൽ ഒരു ക്ഷേമ പദ്ധതിയിൻ കീഴിലും വരാത്തവർ എത്ര ? | (ഡി) | സംസ്ഥാന ജനസംഖ്യയുടെ 12.83 % പേർ വൃദ്ധജനങ്ങളാണ്. ഇവരിൽ ഒരു ക്ഷേമ പദ്ധതിയിലും വരാത്തവരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ